## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3653 — 19.02.2013-ൽ മറുപടിക്ക്

## പുതിയ ബാറുകൾക്ക് ലൈസൻസ്

**ചോദ്യം**

ശ്രീ.റ്റി.എ.അഹമ്മദ് കബീർ
ശ്രീ.എൻ.ഷംസുദ്ദീൻ

**ഉത്തരം**

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, സംസ്ഥാനത്ത് 151പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 15 |
| കൊല്ലം | 9 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 13 |
| കോട്ടയം | 12 |
| ഇടുക്കി | 3 |
| തൃശ്ശൂർ | 20 |
| പാലക്കാട് | 10 |
| എറണാകുളം | 37 |
| മലപ്പുറം | 8 |
| കോഴിക്കോട് | 10 |
| വയനാട് | 2 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 3 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയ ബാറുകൾ അനുവദിക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ?

(ബി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും, ബാറുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനുമായി, 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കുന്നത് 09.02.2011 മുതൽ നിർത്തലാക്കുകയുണ്ടായി. കൂടാതെ, നിലവിൽ ബാർ ലൈസൻസുള്ള ഹോട്ടലിൽ നിന്നും, പഞ്ചായത്ത് പരിധിയിൽ 3 കിലോമീറ്ററും, മുൻസിപ്പാലിറ്റി / കോർപ്പറേഷൻ പരിധിയിൽ ഒരു കിലോ മീറ്ററും കുറയാത്ത അകലത്തിലുള്ള ഹോട്ടലുകൾക്ക് മാത്രമേപുതിയ ബാർ ലൈസൻസ് നല്കുകയുള്ളു എന്ന നിയമ ഭേദഗതിയും വരുത്തുകയുണ്ടായി. പ്രസ്തുത നിയമ ഭേദഗതി, ബഹു: ഹൈക്കോടതി, 27.07.2012 -ൽ റദ്ദ് ചെയ്യുകയുണ്ടായി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി.(സി) - യിൽ, ബഹു: സുപ്രീം കോടതി, ഹൈക്കോടതി

ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായില്ല. ബഹു: സുപ്രീം കോടതി മുമ്പാകെ എത്തിയ കോടതിയലക്ഷ്യ കേസുകളിലുള്ള, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചത്.

സെക്ഷൻ ഓഫീസർ.